LIBRARY ARCHIVES Kerala Legislative Assembly

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വസമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 14 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി നൽകുന്നു.*

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

173 (558) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം

174 (559) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ രംഗത്തെ പീഡിത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഓരോ ജില്ലയിലും നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ രംഗത്തെ പീഡിത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സിക്ക് യൂണിറ്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (SURP) പദ്ധതി 2012-ലെ റിസർവ് ബാങ്കിന്റെ പുതിയ മാർഗ്ഗ നിർദ്ദേശപ്രകാരം ഇല്ലാതായി. ആർ.ബി.ഐ.-യുടെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) നിലവിൽ ആർ.ബി.ഐ. നേരിട്ടാണ് ധനകാര്യ സ്ഥാപനങ്ങൾ വഴി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

വൻകിട വ്യവസായ പദ്ധതികൾക്കായി കൈമാറിയ ഭൂമി

175 (560) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ . സാജു പോൾ:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യവസായ പദ്ധതികൾക്കായി സംസ്ഥാനം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമിയുടെ അവസ്ഥ പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.